# നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കാൻ നാളികേര വികസന ബോർഡ്

എം.പി. സുകുമാരൻ

പാലക്കാട്: നീര വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിച്ച് വിൽക്കാൻ നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ കർണാടകത്തിലെ ദക്ഷിണകാനറ, ഉഡുപ്പി ജില്ലകളിൽ പ്ലാന്റു സ്ഥാപിച്ചു. ഡിഫൻസ് ഫുഡ് റിസർച്ച് ലാബോറട്ടറിയുടെയും (ഡിഎഫ്ആർഐ), മൈസൂരിലെ കേന്ദ്ര ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹായത്തോടെയാണ് പദ്ധതി. ചെലവിൽ 25% ബോർഡാണ് വഹിച്ചത്. ഈ മാസം അവസാനത്തോടെ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി നാളികേരവികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് പറഞ്ഞു. വ്യവസായ അടിസ്ഥാനത്തിൽ നീര ഉൽപാദിപ്പിക്കാൻ ബോർഡ് വിവിധ സംസ്ഥാന സർക്കാരുകൾക്ക് എഴുതിയെങ്കിലും കർണാടക ഹോർട്ടികൾച്ചർവകുപ്പാണ് ആദ്യം മുന്നോട്ടുവന്നത്. കർഷകരിൽ നിന്ന് നേരിട്ട് പുലരിക്കള്ള് ശേഖരിക്കും. പാനീയം സംസ്കരിച്ച് പായ്ക്കറ്റിലാക്കി ആറുമാസം വരെ കേടുകൂടാതെ സൂക്ഷിക്കാനാകും. വിൽപനയ്ക്ക് സംസ്ഥാനത്തുടനീളം കിയോസ്കുകൾ സ്ഥാപിക്കും.

നീരയിൽ നിന്ന് ശർക്കര, വിനാഗിരി, കേരസുധ തുടങ്ങിയ മറ്റ് ഉൽപന്നങ്ങൾ നിർമിക്കാനുള്ള പദ്ധതി രണ്ടാംഘട്ടത്തിൽ ആരംഭിക്കും. അടുത്തവർഷത്തോടെ 10 നീരസംസ്കരണപ്ലാന്റുകൾ സ്ഥാപിക്കാനും നടപടി തുടങ്ങി. മൊത്തം 1.15 കോടി രൂപയാണ് ചെലവ്. 1.9 ദശലക്ഷം ഹെക്ടറിൽ നിന്ന് പ്രതിവർഷം 12.8 ശതകോടി തേങ്ങയാണ് കർണാടകയിൽ ഉൽപാദിപ്പിക്കുന്നത്. ഒരു തെങ്ങിൽ നിന്നു ദിനംപ്രതി നാലു ലീറ്റർവരെ പുലരിക്കള്ളാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിൽ നീര അബ്കാരി നിയമത്തിന്റെ പരിധിയിൽ വരുന്നതിനാൽ അതുമായി ബന്ധപ്പെട്ട പദ്ധതി ആരംഭിക്കാൻ കഴിയാത്ത സ്ഥിതിയാണ്.

നാളികേര ഉൽപാദകസംഘങ്ങൾ വഴി നീര തയാറാക്കി വിൽക്കാനും മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കാനുമുള്ള പദ്ധതി ശുപാർശ ബോർഡ് സർക്കാരിന് നൽകിയിരിക്കുകയാണ്.